പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1399 | 15-10-2026-ൽ മറുപടിയ്ക്ക്

<u>വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്ര നിർമ്മാണം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കേരളത്തിന്റെ നവോത്ഥാന നായകനായ വാഗ്ഭാടാനന്ദന്റെ ജന്മദേശമായ പാട്യത്ത് വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈൻ, കൺസെപ്റ്റ് നോട്ട് എന്നിവ തയ്യാറാക്കുന്നതിന് വാസ്തുവിദ്യാ ഗുരുകുലത്തെയും, എസ്.പി.വി. ആയി കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷനെയും പി.എം.സി. ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപറേഷനെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായെങ്കിലും തുടർനടപടികളൊന്നും സ്വീകരിക്കാൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

<u>**മറുപടി:**</u> സർക്കാരിന്റെ സാംസ്കാരിക സമുച്ചയ പദ്ധതിയിൽ ഉൾപ്പെട്ട കണ്ണൂർ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വാസ്തു വിദ്യാഗുരുകുലം തയ്യാറാക്കിയ ഡിസൈൻ, കൺസെപ്റ്റ് നോട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ 36 കോടി രൂപയുടെ എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ.-ഉം എസ്റ്റിമേറ്റും കിഫ്ബിയുടെ പരിശോധനയിലാണ്. ഡി.പി.ആർ. അംഗീകരിക്കുന്ന മുറയ്ക്ക് സർക്കാർ തുടർനടപടി സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണം എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

<u>**മറുപടി:**</u> സർക്കാരിന്റെ സാംസ്കാരിക സമുച്ചയ പദ്ധതിയിൽ ഉൾപ്പെട്ട കണ്ണൂർ വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വാസ്തു വിദ്യാഗുരുകുലം തയ്യാറാക്കിയ ഡിസൈൻ, കൺസെപ്റ്റ് നോട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ 36 കോടി രൂപയുടെ എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ.-ഉം എസ്റ്റിമേറ്റും കിഫ്ബിയുടെ പരിശോധനയിലാണ്. ഡി.പി.ആർ. അംഗീകരിക്കുന്ന മുറയ്ക്ക് സർക്കാർ തുടർനടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**